# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3101 10.12.2018 ൽ മറുപടിക്ക്**

**കാസർകോട് നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ബജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിക്കപ്പെടുന്ന പാലത്തിന്റെയോ റോഡിന്റെയോ നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ എത്ര സമയമെടുക്കുമെന്ന് വ്യക്തമാക്കുമോ ; | എ) ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിക്കുന്ന പാലത്തിന്റെ പ്രവൃത്തികൾ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിനയച്ച് ഡിസൈൻ അംഗീകരിച്ച് ഡി.പി.ആർ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച് ഭരണാനുമതി ലഭിച്ചതിനുശേഷം സ്ഥലമെടുപ്പ് പൂർത്തീകരിച്ച ശേഷം സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ചതിന് ശേഷം കരാർ ഉടമ്പടി വെച്ച് കാലതാമസമില്ലാതെ പാലത്തിന്റെ പ്രവൃത്തി ആരംഭിക്കും.<br>റോഡുകളുടെ പ്രവൃത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുകയും ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയാക്കിയതിനു ശേഷം സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് കരാർ ഉടമ്പടി വച്ചാണ് പ്രവൃത്തി ആരംഭിക്കുന്നത്. ടി നടപടി ക്രമങ്ങൾ പൂർത്തിയായാലുടൻ നിർമ്മാണ പ്രവൃത്തി ആരംഭിക്കും. |

| | | | |
|---|---|---|---|
| ബി) | കാസർകോട് നിയോജക മണ്ഡലത്തിലെ ബദിയഡുക്ക - കിന്നിംഗാർ - ഏത്തടുക്ക - സുള്ള്യപദവ് റോഡ്, പുണ്ടൂർ - നെക്രംപാറ - അർളടക്ക റോഡ്, ഓടങ്കല്ല് പാലം എന്നീ പ്രവൃത്തികൾ ഏത് വർഷത്തിലെ ബജറ്റിലാണ് പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കുമോ ; | ബി) & സി) | അനുബന്ധമായി ചേർക്കുന്നു. |
| സി) | പ്രസ്തുത ഓരോ പ്രവൃത്തിക്കുമായി വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ ; | | |
| ഡി) | ബജറ്റ് പ്രസംഗത്തിലൂടെ ഒരു പ്രവൃത്തി പ്രഖ്യാപിച്ചാൽ പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതുവരെയുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | ഡി) | ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിക്കുന്ന പാലത്തിന്റെ പ്രവൃത്തികൾ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിനയച്ച് ഡിസൈൻ അംഗീകരിച്ച് ഡി.പി.ആർ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച് ഭരണാനുമതി ലഭിച്ചതിനുശേഷം സ്ഥലമെടുപ്പ് ആവശ്യമെങ്കിൽ പൂർത്തിയാക്കി സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ചതിന് ശേഷമാണ് കരാർ ഉടമ്പടി വെച്ച് പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നത്.<br>റോഡുകളുടെ പ്രവൃത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുകയും ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയാക്കിയതിനു ശേഷം സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് കരാർ ഉടമ്പടി വച്ചാണ് പ്രവൃത്തി ആരംഭിക്കുന്നത്. ഇതിനുള്ള സമയം ഓരോ പ്രവൃത്തിക്കും വ്യത്യസ്തമായിരിക്കും. |
| ഇ) | മേൽപ്പറഞ്ഞ മൂന്ന് പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാക്കിയതെന്നും ശേഷിക്കുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ എത്ര സമയം വേണ്ടിവരുമെന്നും വ്യക്തമാക്കുമോ; പ്രസ്തുത മൂന്ന് പ്രവൃത്തികൾ ഏത് വർഷത്തിൽ യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കുമോ? | ഇ) | അനുബന്ധത്തിൽ റിമാർക്സ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | പ്രവൃത്തി | ബഡ്ജറ്റ് (വർഷം) | തുക | റിമാർക്ക്സ് |
| --- | --- | --- | --- | --- |
| 1 | ബദിയടുക്ക-കിന്നിംഗർ-ഏത്തടുക്ക-സുള്ള്യപദവ് റോഡ് | 2017-18 | 28 കോടി | ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ഡി പി ആർ തയ്യാറാക്കി ഫിനാൻഷ്യൽ അംഗീകാരത്തിന് വേണ്ടി കിഫ്ബിയ്ക്ക് കാലതാമസം കൂടാതെ സമർപ്പിക്കുന്നതാണ്. |
| 2 | പുണ്ടൂർ-നെക്രാംപാറ-അർളടുക്ക റോഡ് | 2017-18 | 15 കോടി | ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് ഡി പി ആർ തയ്യാറാക്കി വരുന്നു. |
| 3 | ഓടങ്കല്ല് പാലം | 2016-17 | 10 കോടി | ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് പ്രോജക്റ്റ് പ്രിപ്പറേഷൻ യൂണിറ്റിന് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് ഡി പി ആർ തയ്യാറാക്കി ഫിനാൻഷ്യൽ അംഗീകാരത്തിന് വേണ്ടി സമർപ്പിക്കുന്നതാണ് കൂടാതെ അപ്രോച്ച് റോഡിന് ആവശ്യമായ മുഴുവൻ സ്ഥലവും വിട്ടുകിട്ടിയിട്ടില്ല. |

Rajith
സെക്ഷൻ ഓഫീസർ